**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1584** **11-10-2024 - ൽ മറുപടിയ്ക്ക്**

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. എം. വിൻസെന്റ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കർഷക തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്ന കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതല്ല മറിച്ച് ഫണ്ടിന്റെ അപര്യാപ്തത മൂലം ആനുകൂല്യം യഥാസമയം നൽകാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. |
| (ബി) | കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനും അവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങളിൽ അധിവർഷാനുകൂല്യം (റിട്ടയർമെന്റ് ബെനഫിറ്റ്), പ്രസവ ധനസഹായം, വിവാഹ ധനസഹായം എന്നിവയിലാണ് കുടിശ്ശിക നിലവിലുള്ളത്. മറ്റു ക്ഷേമാനുകൂല്യങ്ങളായ ചികിത്സാ ധനസഹായം, മരണാന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നുണ്ട്. അധിവർഷാനുകൂല്യമിനത്തിലെ കുടിശ്ശിക വിതരണത്തിനായി 2021-22 മുതൽ നാളിതുവരെ 40 കോടി രൂപ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസവ ധനസഹായമിനത്തിലെ കുടിശിക വിതരണം ചെയ്യുന്നതാണ്. വിവാഹ ധനസഹായമിനത്തിലെ കുടിശ്ശിക അപേക്ഷകൾ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വിതരണം കാലികമാക്കി വരുന്നുണ്ട്. ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കർഷക തൊഴിലാളി ക്ഷേമനിധിയിലേക്ക് തൊഴിലാളികൾ അടവാക്കേണ്ട അംശദായം കുടിശ്ശികയില്ലാതെ ബോർഡിന് ലഭ്യമാകുന്നതിനും സജീവ അംഗങ്ങളായി തൊഴിലാളികളെ നിലനിർത്തുന്നതിനുമായി ജില്ലാ തലത്തിൽ പ്രത്യേക |

| | | | |
|---|---|---|---|
| | | | സിറ്റിങ്ങുകൾ നടത്തുന്നതിലൂടെ ബോർഡ് അംശദായ വരവിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ ഭൂവുടമകളിൽ നിന്നും വില്ലേജ് ഓഫീസുകളിൽ ReLIS സോഫ്റ്റ് വെയർ മുഖേന പിരിച്ചെടുക്കുന്ന ഭൂവുടമാവിഹിതം നിലവിൽ കൃത്യമായി ബോർഡിന് ലഭ്യമാവുന്നില്ല. ഭൂവുടമാവിഹിതം പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചെപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ